**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2671** — **13-12-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷനും മറ്റ് ക്ഷേമനിധി പെൻഷനും വാങ്ങിയിരുന്നവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് (2016-21 ന് മുമ്പ്) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷനും മറ്റ് ക്ഷേമനിധി പെൻഷനും വാങ്ങിയിരുന്നവർ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | മുൻ സർക്കാർ (2016-21) അധികാരത്തിൽ വരുന്നതിനു മുൻപ്, 2011-16 സർക്കാർ കാലയളവിൽ ശരാശരി 3,443,414 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും വിവിധ ക്ഷേമനിധി ബോർഡുകളിലായി 867,110 പെൻഷൻ ഗുണഭോക്താക്കളുമാണ് ഉണ്ടായിരുന്നത്. |
| (ബി) | മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2016-21) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷനും മറ്റ് ക്ഷേമനിധി പെൻഷനും വാങ്ങുന്നവർ എത്രയെന്ന് വ്യക്തമാക്കാമോ? | (ബി) | മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ (2016-21 സർക്കാർ കാലയളവിൽ) 4,985,861 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും വിവിധ ക്ഷേമനിധി ബോർഡുകളിലായി 1,017,169 പെൻഷൻ ഗുണഭോക്താക്കളുമാണ് ഉണ്ടായിരുന്നത്. ഇതിൽ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുള്ള 4,772,279 പേരും ക്ഷേമനിധി ബോർഡു പെൻഷന് അർഹതയുള്ള 1,017,169 പേരുമാണ് ഉണ്ടായിരുന്നത്. ഇതുകൂടാതെ സാംസ്കാരിക വകുപ്പ് മുഖേന 2958 ഗുണഭോക്താക്കൾക്ക് കലാകാര പെൻഷനും, 307 ഗുണഭോക്താക്കൾക്ക് കേരള ചലച്ചിത്ര അക്കാദമി മുഖേന അവശകലാകാര പെൻഷനും, കായിക യുവജനക്ഷേമ വകുപ്പ് മുഖേന 1349 ഗുണഭോക്താക്കൾക്ക് സർക്കസ് പെൻഷനും, 122 ഗുണഭോക്താക്കൾക്ക് അവശ കായികതാര പെൻഷനും ഇക്കാലയളവിൽ ലഭിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ